RCS/2189/2026-G(1)

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി: 28-04-2026

**സർക്കുലർ നമ്പർ. 16/2026**

വിഷയം:- സഹകരണവകുപ്പ്- മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 2002 വകുപ്പ് 4(2) പ്രകാരം സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറിയിട്ടുള്ള അധികാരം വിനിയോഗിക്കുന്നത്- സംബന്ധിച്ച്.

പരാമർശം:-(1) കേന്ദ്ര സഹകരണ മന്ത്രാലയം-കേന്ദ്ര സഹകരണ രജിസ്ട്രാറുടെ 22.09.2025 ലെ File No. M.13033/49/2025-MoC നമ്പർ സർക്കുലർ.

(2) കേന്ദ്ര കൃഷിയും സഹകരണവും വകുപ്പിന്റെ 24.02.2003 ലെ SO.216(E) നമ്പർ വിജ്ഞാപനം.

(3) കേന്ദ്ര കൃഷിയും സഹകരണവും വകുപ്പിന്റെ 29.05.2013 ലെ File No.L-11017/10/2013 L&M നമ്പർ സർക്കുലർ.

(4) കേരള സഹകരണ നിയമം, 1969; കേരള സഹകരണ ചട്ടങ്ങൾ, 1969 എന്നിവയിലെ ബന്ധപ്പെട്ട വകുപ്പുകൾ

2002 ലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്,വകുപ്പ് 4(2) പ്രകാരം കേന്ദ്ര സർക്കാരിന് സെൻട്രൽ രജിസ്ട്രാറിൽ നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും അധികാരം സംസ്ഥാന /കേന്ദ്ര ഭരണ പ്രദേശങ്ങളിലെ സഹകരണ സംഘം രജിസ്ട്രാർമാർക്ക് വിജ്ഞാപന പ്രകാരം ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്. ആയത് പ്രകാരം ടി നിയമത്തിലെ വകുപ്പ് 84, 108, എന്നിവയും 2002 ലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ചട്ടങ്ങളിലെ ചട്ടം 3(g) പ്രകാരവും ഉള്ള അധികാരങ്ങൾ ബന്ധപ്പെട്ട സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശങ്ങളിലെ സഹകരണസംഘം രജിസ്ട്രാർമാർക്ക് മേൽ സൂചനകൾ പ്രകാരം നൽകിയിട്ടുണ്ട്.

2016 ലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 3 ഉപചട്ടം(g)(i) ലെ വ്യവസ്ഥകൾ അനുസരിച്ച് വായ്പാ വിതരണം, വിവിധോദ്ദേശ ലക്ഷ്യങ്ങൾ എന്നിവ ഉദ്ദേശ ലക്ഷ്യങ്ങളായുള്ള മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതിനായി അല്ലെങ്കിൽ നിലവിലുള്ള ഇത്തരം സംഘങ്ങളുടെ പ്രവർത്തന പരിധി വർദ്ധിപ്പിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നിർദ്ദിഷ്ട സംഘങ്ങളുടെ പ്രവർത്തന പരിധി ഉൾപ്പെട്ടുവരുന്ന സംസ്ഥാനങ്ങളുടെ/കേന്ദ്ര ഭരണ പ്രദേശങ്ങളുടെ സഹകരണ സംഘം രജിസ്ട്രാർമാരുടെ No Objection Certificate (NOC) ലഭ്യമാക്കേണ്ടതാണ്.

RCS/2189/2026-G(1) Office of the Registrar Co-operative Socieies
Thiruvananthapuram, Dated: 28-04-2026

Circular No.16/2026

*Sub:- Cooperation Department- Exercise of powers delegated to the State Registrars of Cooperative Societies under section 4(2) of the Multi State Cooperative Societies Act, 2002- reg*

*Ref:- (1). Circular No.* ***File No.M.13033/49/2025-MoC*** *dated* ***22.09.2025*** *from the Ministry of Cooperation, Government of India – Office of the Central Registrar of Co-operative Societies.*

*(2) Notification No.* ***S.O. 216(E)*** *dated* ***24.02.2003*** *from the Department of Agriculture and Co-operation, Ministry of Agriculture, Government of India.*

*(3) Circular No.* ***File No. L-11017/10/2013 L&M*** *dated* ***29.05.2013*** *from the Department of Agriculture and Co-operation, Ministry of Agriculture, Government of India.*

*(4) Relevant points in Kerala Co-operative Societies Act, 1969; Kerala Co-operative Societies Rules, 1969*

In accordance with Section 4(2) of the Multi-State Co-operative Societies Act, 2002, the Central Government may, by notification, direct that any power exercisable by the Central Registrar be also exercisable by the Registrar of Co-operative Societies of a State or Union Territory. Pursuant to the same, the powers under Sections 84 and 108 of the said Act, along with Rule 3(g) of the Multi-State Co-operative Societies Rules, 2002, have been delegated to the respective Registrars of Co-operative Societies of States/Union Territories as per the references cited above.

In accordance with the provisions of Rule 3, sub-rule (g)(i) of the Multi-State Co-operative Societies (Amendment) Rules, 2016, a 'No Objection Certificate' (NOC) from the Registrars of Co-operative Societies of the respective States/Union Territories included within the proposed area of operation must be furnished along with applications for the registration of Multi-State Co-operative Societies or for the expansion of the area of operation of such existing societies, intended for credit disbursement or multi-purpose objectives.

ഇത്തരം സംഘങ്ങൾ രജിസ്റ്റർചെയ്യുന്നതിനായി സമർപ്പിക്കുന്ന അപേക്ഷയിൽ ടി ചട്ടത്തിലെ ഉപചട്ടം (g) (ii) പ്രകാരം നിർദ്ദിഷ്ട സംഘത്തിന്റെ ചീഫ് പ്രമോട്ടറുടെയും പ്രമോട്ടർമാരുടെയും പശ്ചാത്തലവും യോഗ്യത സർട്ടിഫിക്കറ്റും പരിശോധിച്ച് നിർദ്ദിഷ്ട സംഘത്തിന്റെ "രജിസ്റ്റേഡ് ആഫീസ് " സ്ഥിതി ചെയ്യുന്ന സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിൽ നിന്നുള്ള വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.

1. ഒരു സംസ്ഥാനത്ത് മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ചുള്ള NOC നൽകുന്നതിനുള്ള പൂർണ്ണ അധികാരം സംസ്ഥാന സഹകരണസംഘം രജിസ്ട്രാറിൽ മാത്രം നിക്ഷിപ്തമായിരിക്കും.

2. വ്യക്തികൾ അംഗങ്ങളായി രജിസ്റ്റർ ചെയ്യുന്ന ഒരു മൾട്ടി സ്റ്റേറ്റ് സഹകരണസംഘത്തിൽ, ബന്ധപ്പെട്ട സംസ്ഥാനത്തെ 50 പേരെങ്കിലും പ്രമോട്ടർമാരായി വേണമെന്ന് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്2002, വകുപ്പ് 6(2)(a) ൽ നിഷ്കർഷിച്ചിരിക്കുന്നതിനാൽ ആയത് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പരിശോധനയ്ക്കായി താഴെ പറയുന്ന രേഖകൾ ആവശ്യപ്പെടാവുന്നതാണ്.
   (a) അഡ്രസ് പ്രൂഫ് (ആധാർ, പാൻകാർഡ്, പാസ്സ്പോർട്ട് മുതലായവ)
   (b) ഓരോ പ്രമോട്ടറുടേയും അവർ താമസിക്കുന്ന സ്ഥലത്തെ ജില്ലാ പോലീസ് സൂപ്രണ്ട് തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥർ അനുവദിക്കുന്ന അവസാന 5 വർഷത്തെ Antecedent certificate.

3. കേരള സംസ്ഥാനം ആസ്ഥാനമാക്കിയുള്ള മൾട്ടി സ്റ്റേറ്റ് സഹകരണ സംഘമാണ് രജിസ്റ്റർ ചെയ്യേണ്ടത് അല്ലെങ്കിൽ പ്രവർത്തന പരിധി വ്യാപിപ്പിക്കേണ്ടതെങ്കിൽ പ്രവർത്തന പരിധിയിലുള്ള മറ്റ് സംസ്ഥാനങ്ങളിലെ/ കേന്ദ്ര ഭരണ പ്രദേശങ്ങളിലെ പ്രമോട്ടർമാരുടെ വിവരങ്ങൾ പ്രസ്തുത സംസ്ഥാനത്തെ സഹകരണസംഘം രജിസ്ട്രാറുടെ സാക്ഷ്യപത്രം സഹിതം NOC യ്ക്കുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

4. പ്രമോട്ടർമാർ പണമിടപാട് ബിസിനസ്സ് ചെയ്യുന്നില്ലെന്നും മറ്റേതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ തിരിച്ചടവ് വീഴ്ച വരുത്തിയിട്ടില്ല എന്നുള്ള സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

5. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 വകുപ്പ് 6(2)(b), (c), (d) യിൽ സഹകരണസംഘങ്ങൾക്ക് അംഗമാകാമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അംഗമാകുന്നതിന് ബന്ധപ്പെട്ട സംസ്ഥാന സഹകരണസംഘം പ്രവർത്തിക്കുന്ന സംസ്ഥാനത്തെ സഹകരണസംഘം രജിസ്ട്രാറുടെ അനുമതി പത്രം ഹാജരാക്കേണ്ടതാണ്.

6. സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾക്ക് സമാനമായ പ്രവർത്തനമുള്ളതോ, സമാന പേരോ ഉള്ളതുമായ മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങൾ, രജിസ്റ്റർ ചെയ്യപ്പെടുന്ന സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല എന്ന് സഹകരണസംഘം രജിസ്ട്രാർ ഉറപ്പുവരുത്തേണ്ടതാണ്.

Furthermore, as per sub-rule (g)(ii) of the said Rules, applications for the registration of such societies shall be accompanied by a Verification Certificate issued after verifying the background and credentials of the Chief Promoter and other Promoters, by the Office of the Registar of Co-operative Societies where the Registered Office of the proposed sociey is located,.

1. The absolute authority to issue a No Objection Certificate (NOC) regarding the registration of Multi-State Co-operative Societies within a State shall be vested solely with the Registrar of Co-operative Societies of that State.

2. Since Section 6(2)(a) of the Multi-State Co-operative Societies Act, 2002, stipulates that a Multi-State Co-operative Society with individual members must have at least 50 promoters from the concerned State, this requirement must be verified and ensured. The following documents may be sought for verification:
   (a) Address Proof (Aadhaar, PAN Card, Passport, etc.)
   (b) An 'Antecedent Certificate' for the last 5 years for each promoter, issued by an officer not below the rank of Superintendent of Police of their place of residence.

3. If a Multi-State Co-operative Society is to be registered with its headquarters in the State of Keralam, or if its area of operation is to be expanded, the details of promoters from other States/Union Territories within the area of operation must be submitted along with the NOC application, duly certified by the Registrar of Co-operative Societies of the respective State.

4. Promoters must submit a certificate stating that they are not engaged in money-lending business and have not defaulted on repayments to any other financial institutions.

5. Though sections 6(2)(b), (c), and (d) of the Multi-State Co-operative Societies Act, 2002, provide that co-operative societies can become members, a letter of permission from the Registrar of Co-operative Societies of the State where the member society operates must be produced.

6. The Registrar of Co-operative Societies shall ensure that no Multi-State Co-operative Society with objectives or names similar to those of co-operative societies currently functioning in the State is registered to operate within the State.

7. രജിസ്റ്റർചെയ്യാൻ ഉദ്ദേശിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി കരട് നിയമാവലി അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കണം.

8. നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തനങ്ങൾ 1969 ലെ കേരള സഹകരണസംഘം നിയമം, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ സഹകരണസംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ എന്നിവയ്ക്ക് വിരുദ്ധമല്ല എന്ന് ഉറപ്പുവരുത്തണം.

9. കേരള സംസ്ഥാനത്ത് പ്രവർത്തനപരിധി വ്യാപിപ്പിക്കുന്ന സാഹചര്യത്തിൽ ചീഫ് പ്രമോട്ടറുടെയും പ്രമോട്ടർമാരുടെയും തിരിച്ചറിയൽ രേഖകൾ സഹിതമുള്ള ലിസ്റ്റ് സംസ്ഥാന സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

10. സംഘത്തിലെ പ്രമോട്ടർമാർ സംഘത്തിന്റെ നിയമാവലിയിലെ ഉദ്ദേശ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്ന വ്യാപാരമോ, മറ്റേതെങ്കിലുമോ സ്വന്തം നിലയിൽ നടത്തുന്നില്ല എന്നത് സംബന്ധിച്ച സത്യവാങ്മൂലം ഹാജരാക്കേണ്ടതാണ്.

11. സംസ്ഥാനത്ത് രജിസ്റ്റർചെയ്യുന്നതിന്/ പ്രവർത്തനപരിധി വ്യാപിപ്പിക്കുന്നതിന് NOC നൽകുമ്പോൾ സഹകരണസംഘം രജിസ്ട്രാറുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സംഘങ്ങളെ പ്രതികൂലമായി ബാധിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആയതിലേയ്ക്കായി ഏത് പ്രദേശത്താണ് സംഘം രജിസ്റ്റർചെയ്യുന്നത്/പ്രവർത്തനപരിധി വ്യാപിപ്പിക്കുന്നത് എന്നത് സംബന്ധിച്ച വ്യക്തമായ മേൽവിലാസം കൂടി അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

2002-ലെ Multi State Co-operative Societies Act -ലെ വകുപ്പ് 84 പ്രകാരമുള്ള തർക്ക പരിഹാരം നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് സെൻട്രൽ രജിസ്ട്രാറുടെ അധികാരങ്ങൾ സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശങ്ങളിലെ സഹകരണ സംഘം രജിസ്ട്രാർമാർക്ക് നൽകിക്കൊണ്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പരാമർശം (2) വിജ്ഞാപനത്തിലെ 3(a) യിൽ വ്യക്തമാക്കിയിട്ടുള്ള ഭരണപരവും നിയമപരവുമായ തർക്കങ്ങളെ സംബന്ധിച്ചും, 3(b) യിൽ വ്യക്തമാക്കിയിട്ടുള്ള റിക്കവറി ഉൾപ്പെടെയുള്ള സാമ്പത്തിക, ബാങ്കിംഗ് കാര്യങ്ങളുമായി ബന്ധപ്പെട്ട തർക്കങ്ങളെ സംബന്ധിച്ചും ആർബിട്രേറ്റർമാരുടെ പാനലുകൾ തയ്യാറാക്കി അംഗീകരിച്ച സെൻട്രൽ രജിസ്ട്രാർക്ക് കൈമാറുകയും ഇപ്രകാരം നിയമിക്കപ്പെടുന്ന ആർബിട്രേറ്റർമാർ 2002-ലെ Multi State Co-operative Societies Act, Multi State Co-operative Societies Rules, 1996-ലെ Arbitration and Conciliation Act എന്നിവയിലെ വ്യവസ്ഥകൾ പാലിച്ച് തർക്കങ്ങൾക്ക് തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

7. The draft By-laws must be submitted along with the application to verify and ensure the objectives and activities of the proposed Multi-State Co-operative Society.
8. It must be ensured that the activities of the proposed society are not in contravention of the Kerala Co-operative Societies Act, 1969, the Rules thereunder, Government Orders, and Circulars issued by the Registrar of Co-operative Societies from time to time.
9. In instances where the area of operation is being expanded to the State of Kerala, a list containing the identification documents of the Chief Promoter and other promoters must be submitted to the State Registrar of Co-operative Societies.
10. The promoters of the society shall submit an affidavit stating that they are not independently engaged in any trade or business that falls within the objectives defined in the society's By-laws.
11. While granting an NOC for registration or expansion of the area of operation within the State, it must be ensured that such action does not adversely affect the societies functioning under the Registrar of Co-operative Societies. For this purpose, the clear address of the area where the society is to be registered or where the area of operation is to be expanded must be included in the application.

With regard to the settlement of disputes under section 84 of the Multi-State Co-operative Societies Act, 2002, the powers of the Central Registrar have been conferred upon the Registrars of Co-operative Societies of States/Union Territories as per reference (2). Accordingly, panels of Arbitrators shall be prepared for administrative and legal disputes and approved as specified in Clause 3(a), and for financial and banking disputes including recovery as specified in Clause 3(b) of the said notification, and the same shall be forwarded to the Central Registrar. The Arbitrators so appointed shall adjudicate the disputes in strict compliance with the provisions of the Multi-State Co-operative Societies Act, 2002, the Multi-State Co-operative Societies Rules, and the Arbitration and Conciliation Act, 1996.

2002 ലെ മൾട്ടി സ്റ്റേറ്റ് ´കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിലെ വകുപ്പ് 108 ന്റെ അടിസ്ഥാനത്തിൽ, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പരാമർശം (3) സർക്കുലർ പ്രകാരം മൾട്ടി സ്റ്റേറ്റ് സഹകരണസംഘങ്ങളിൽ ശക്തമായ നിരീക്ഷണം ഉറപ്പുവരുത്തുന്നതിനായി, ടി ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളുടെ ബുക്ക്സ് ഓഫ് അക്കൗണ്ട്സും മറ്റ് പ്രവർത്തനങ്ങളും പരിശോധിക്കുന്നതിന് സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കും.

മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, വകുപ്പ് 108 പ്രകാരം സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറുടെ പരിശോധനയിൽ Banning of Unregulated Deposit Schemes (BUDS) Act ലെ വകുപ്പ് 3 പ്രകാരം Unregulated deposit സ്വീകരിക്കുന്നതായോ, വകുപ്പ് 5 പ്രകാരം ഉയർന്ന പലിശ വാഗ്ദാനം നൽകി നിക്ഷേപം സ്വീകരിക്കുന്നതായോ ബോധ്യപ്പെട്ടാൽ ടി വിവരം രേഖാമൂലം കേന്ദ്ര രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യുകയും തുടർന്ന് BUDS Act വകുപ്പ് 3, 5 എന്നിവ പ്രകാരം സഹകരണസംഘം രജിസ്ട്രാർ ബന്ധപ്പെട്ട പോലീസ് അധികാരി മുമ്പാകെ complaint ഫയൽ ചെയ്യേണ്ടതാണ്. ടി പരിശോധനയിൽ Bharatiya Nyaya Sanhita (BNS) പ്രകാരമുള്ള മറ്റു കുറ്റകൃത്യങ്ങൾ നടന്നിട്ടുള്ളതായി ബോധ്യപ്പെടുന്ന പക്ഷവും സഹകരണ സംഘം രജിസ്ട്രാർ ബന്ധപ്പെട്ട പോലീസ് അധികാരി മുമ്പാകെ complaint ഫയൽ ചെയ്യേണ്ടതാണ്. കൂടാതെ ടി പരിശോധനയിൽ ക്രമവിരുദ്ധമായോ മറ്റു വിധത്തിലോ നിക്ഷേപകർക്കോ സാധാരണ ജനങ്ങൾക്കോ സാമ്പത്തിക നഷ്ടം വരുത്തുന്ന വിധത്തിൽ സംഘം പ്രവർത്തിച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടാൽ സംഘത്തിന്റെ സാമ്പത്തിക സ്ഥിതി, പ്രവർത്തനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളുടെ അറിവിലേക്കായി ഈ വിവരങ്ങൾ പത്രമാധ്യമങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും അറിയിക്കാവുന്നതാണ്.

In accordance with Section 108 of the Multi-State Co-operative Societies Act, 2002, and pursuant to the Circular cited as reference (3) issued by the Government of India, the State Registrar of Co-operative Societies shall have the authority to inspect the Books of Accounts and oversee other operational activities of the multi-state societies registered and functioning under the said Act, in order to ensure robust monitoring of Multi-State Co-operative Societies."

If, during an inspection conducted under Section 108 of the Multi-State Co-operative Societies Act, the State Registrar of Co-operative Societies is satisfied that the society is accepting 'Unregulated deposits' in violation of Section 3 of Banning of Unregulated Deposit Schemes (BUDS) Act or soliciting deposits by promising exorbitant interest rates in violation of Section 5 of BUDS Act, the matter shall be reported in writing to the Central Registrar. Subsequently, the Registrar of Co-operative Societies shall inform the concerned Police Authority under Sections 3 and 5 of the BUDS Act. Furthermore, if such inspection reveals the commission of any other offenses under the Bharatiya Nyaya Sanhita (BNS), the Registrar of Co-operative Societies shall likewise file a complaint before the concerned Police Authority. In addition, if the inspection reveals that the society has operated in an irregular or fraudulent manner causing financial loss to the depositors or the general public, such information regarding the financial status and operations of the society may be published through print and electronic media for public awareness.

പൊതു താല്പര്യത്തിനോ, നിക്ഷേപകരുടെ താല്പര്യത്തിനോ വിരുദ്ധമായ പ്രവർത്തനങ്ങൾ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിൽ നടന്നതായോ/ നടക്കുന്നതായോ സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർക്ക് ബോധ്യപ്പെട്ടാൽ Banning of Unregulated Deposit Schemes (BUDS) Act, Bharatiya Nyaya Sanhita (BNS) എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ച് ആ വിവരം സെൻട്രൽ രജിസ്ട്രാറെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

ഡോ. ഡി. സജിത് ബാബു ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

(1) ഡയറക്ടർ, സഹകരണ ആഡിറ്റ്
(2) ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
(3) ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
(4) ബന്ധപ്പെട്ട മൾട്ടി സ്റ്റേറ്റ് സംഘങ്ങൾക്ക്
(5) വെബ് സൈറ്റ്
(6) സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)

If the State Registrar of Co-operative Societies is satisfied that any activities prejudicial to the public interest or the interests of the depositors have occurred or are occurring in a Multi-State Co-operative Society, appropriate actions shall be initiated under the Banning of Unregulated Deposit Schemes (BUDS) Act and the Bharatiya Nyaya Sanhita (BNS), and the Central Registrar shall be duly informed of the same.

(S/d)
Dr. D SAJITH BABU IAS
Registrar of Cooperative Societies

Copy to :-

(1) Director, Cooperative Audit

(2) Joint Registrar (General)

(3) Joint Director (Audit)

(4) Multi State Societies concerned

(5) Website

(6) Stock File

// Forwarded By Order //

Deputy Registrar (Vigilance)